അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത പെട്രോൾ പമ്പുകൾ

85 (4436) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില പെട്രോൾ പമ്പുകളിൽ എയർ ഫില്ലിംഗ്, കുടിവെള്ളം, ടോയ്ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പെട്രോൾ പമ്പുകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) എല്ലാ പെട്രോൾ പമ്പുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ ഓയിൽ കമ്പനികൾ നിർദ്ദേശം നൽകിയിട്ടുണ്ട്. അതു പാലിക്കാത്ത പെട്രോൾ പമ്പുകൾക്കെതിരെ ഓയിൽ കമ്പനികൾ നടപടി സ്വീകരിക്കാറുണ്ട്.

മല്ലപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രവർത്തനം

86 (4437) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യത്തിന് ജീവനക്കാരില്ലാതെ മല്ലപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഓഫീസിലെ സ്റ്റാഫിന്റെ എണ്ണം എത്രയാണ് എന്നും ഏതൊക്കെ തസ്തികകളാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ അവിടത്തെ സ്റ്റാഫിന്റെ എണ്ണം എത്ര ; ഒഴിവുകൾ എത്ര ; ഏതൊക്കെ എന്നുമുതലാണ് ഈ ഒഴിവുകൾ ഉണ്ടായതെന്നും വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ നികത്തുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള സ്റ്റാഫിന്റെ സഹായത്താൽ പ്രവർത്തനം തൃപ്തികരമായി നടന്നുവരുന്നു.

നിലവിലുള്ള തസ്തികകൾ :

താലൂക്ക് സപ്ലൈ ഓഫീസർ - 1

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ	- 1
റേഷനിംഗ് ഇൻസ്പെക്ടർ	- 2
എൽ.ഡി.സി./യു.ഡി.സി.	- 5
ടൈപ്പിസ്റ്റ്	- 1
ഡ്രൈവർ	- 1
ആകെ	11

(ബി) നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം - 7

അതിൽ നിലവിലുള്ള ഒഴിവുകൾ :

എൽ.ഡി.ഡി./യു.ഡി.സി. - 2 (15-7-2008 മുതൽ)

ടൈപ്പിസ്റ്റ് - 1 (1-6-2007 മുതൽ)

ഡ്രൈവർ - 1 (1-7-2008 മുതൽ)

(സി) പത്തനംതിട്ട ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ നികത്തുന്നതിനായി 2010 ജൂൺ, ജൂലായ് മാസത്തിൽ രണ്ട് പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ ഒഴിവുള്ള മറ്റ് തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റേഷൻ കാർഡ് വിതരണത്തിന് കാലതാമസം

87 (4438) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് സപ്ലൈ ഓഫീസുകൾ, സിറ്റി റേഷനിംഗ് ഓഫീസുകൾ എന്നിവിടങ്ങളിൽ മതിയായ ജീവനക്കാരില്ലാത്തതിനാൽ റേഷൻ കാർഡ് വിതരണ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിക്കാത്തതുകൊണ്ടും, സപ്ലൈ ഓഫീസുകളിൽ എത്തുന്ന സാധാരണക്കാർക്ക് നടപടിക്രമങ്ങൾ സംബന്ധിച്ച് വേണ്ടത്ര അറിവ് നൽകാനുള്ള ഏർപ്പാടുകൾ ഇല്ലാത്തതുകൊണ്ടും, വ്യക്തമായ നിർദ്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കാത്തതുകൊണ്ടും, പൊതുജനങ്ങൾ ഏറെ ദുരിതമനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly